**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 924** **02-02-2026 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിലും പ്രൊമോട്ടർമാരുടെ വേതനത്തിലും ഉള്ള കുടിശ്ശികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ഇത് തീർപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | (എ) | പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം2024-25 വരെയുള്ള എല്ലാ ക്ലെയിമുകളും പെയ്മെന്റ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. 2025-26 അധ്യയന വർഷത്തെ ക്ലെയിമുകൾക്കുള്ള തുക വിതരണം ചെയ്തു വരുന്നു.<br><br>പോസ്റ്റ്മെട്രിക്ക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടും ആധാറും തമ്മിൽ ബന്ധിപ്പിക്കാത്തതിനാലും മറ്റ് ടെക്നിക്കൽ പ്രശ്നങ്ങൾ കാരണവും വിദ്യാർത്ഥികൾക്ക് മുൻ വർഷങ്ങളിൽ ലഭിക്കാതിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉൾപ്പെടെ ആകെ 22420 ക്ലെയിമുകൾക്ക് 68,52,10,579/- രൂപ 2025-26 വർഷം നാളിതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്. പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ലെയിമുകൾ അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ പ്രൊമോട്ടർമാരുടെ വേതന വിതരണത്തിൽ കുടിശ്ശിക നിലവിലുണ്ടോ; | (ബി) | പട്ടികജാതി, പട്ടിക വർഗ്ഗ മേഖലയിലെ പ്രൊമോട്ടർമാരുടെ വേതന വിതരണത്തിൽ കുടിശ്ശിക നൽകാനില്ല. |
| (സി) | ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ